(സി) മന്ത്രിമാരുടെയും മന്ത്രിപദവിയിലുള്ളവരുടെയും എണ്ണത്തിലുണ്ടായ വർദ്ധന, നേരിയതോതിൽ ചെലവ് കൂടാനിടയാക്കിയിട്ടുണ്ടെങ്കിലും ഇത് ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ പ്രതിനിധികൾ സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ ചെയർമാൻമാരുടെ ചുമതലകൾ നിർവ്വചിച്ചിട്ടുള്ളത് വിവിധ സർക്കാർ ഉത്തരവുകൾ/സർക്കുലറുകളിലായി വ്യാപിച്ച് കിടക്കുകയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ സമാഹൃത ഉത്തരവ് പുറപ്പെടുവിക്കണമെന്നും ചെയർമാൻമാർക്ക് കൂടുതൽ ചുമതലകളും അതോടൊപ്പം കൂടുതൽ ആനുകൂല്യങ്ങളും അനുവദിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ബഹുമാനപ്പെട്ട മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ പദവിയും ചുമതലകളും ആനുകൂല്യങ്ങളും പുനർ നിർണ്ണയിച്ചുകൊണ്ട് 9-9-2013-ൽ സ.ഉ. (എംഎസ്.) നമ്പർ 45/2013/ പ്ലാനിംഗ് പുറപ്പെടുവിച്ചിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു)* ഇക്കാര്യത്തിൽ പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 23-7-2013 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 221/2013/ ജി.എ.ഡി.യുടെ പകർപ്പുകൂടി ഉൾക്കൊള്ളിക്കുന്നു.*

(ഡി) മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടുള്ളതും അംഗീകൃത പ്രോജക്ടുകളിലായി ബന്ധപ്പെട്ടിട്ടുള്ളതും അല്ലാത്ത ഉദ്യോഗസ്ഥരുടെ വിദേശ യാത്രകൾക്ക് 11-10-2013-ലെ സ.ഉ.(പി) നമ്പർ 515/2013/ധന. ഉത്തരവ് പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുതാല്പര്യം മുൻനിർത്തിയുള്ള പദ്ധതികളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് മാത്രമാണ് മന്ത്രിമാർ വിദേശയാത്ര നടത്തുന്നത്.

### വിജിലൻസ് അന്വേഷണങ്ങളുടെ വിശ്വാസ്യത

13 (*313) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാഹ്യ ഇടപെടലുകൾ വിജിലൻസ് അന്വേഷണങ്ങളുടെ വിശ്വാസ്യതയെ ബാധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിജിലൻസ് കേസ് അന്വേഷണഘട്ടങ്ങളിൽ വിവരങ്ങൾ സർക്കാർ തേടുന്നതും വിവരങ്ങൾ സർക്കാറിന് നൽകുന്നതും അന്വേഷണ വിവരങ്ങൾ ചോരുന്നതും സമ്മർദ്ദങ്ങൾക്കിടയാക്കുന്നതും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(സി) അന്വേഷണഘട്ടങ്ങളിൽ അന്വേഷണവിവരം തേടാതിരിക്കാനും അന്വേഷണത്തിൽ ഇടപെടാതിരിക്കാനും സന്നദ്ധമാകുമോ ;

(ഡി) വിജിലൻസ് കേസ് അന്വേഷണങ്ങൾ സ്വതന്ത്രവും നീതിപൂർവ്വവുമായിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ;

(ഇ) നിലവിലുള്ള മന്ത്രിമാർക്കെതിരെ ഉണ്ടായിരുന്ന വിജിലൻസ് കേസുകൾ ഓരോന്നായി അന്വേഷിച്ച് കേസ് തള്ളിക്കളയുന്നു എന്ന ആക്ഷേപം കണക്കിലെടുത്തിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഇല്ല. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഒരു സ്വതന്ത്ര അന്വേഷണ ഏജൻസിയാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണങ്ങൾ ക്രിമിനൽ നടപടി ക്രമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നടക്കുന്നത്. അന്വേഷണങ്ങളിൽ നിയമവിരുദ്ധമായി ബാഹ്യ ഇടപെടലുകൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

(ബി) വിജിലൻസ് അന്വേഷണ വേളയിൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിലേക്കുള്ളതോ, സ്ഥലം മാറ്റുന്നതിലേക്കുള്ളതോ ആയ ശിപാർശ സർക്കാരിനെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അറിയിക്കുന്നുണ്ട്. അന്വേഷണം പൂർത്തിയായശേഷം അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കണമെന്ന് 12-5-1992 തീയതിയിലെ ജി.ഒ.(പി) 65/92/വിജി. നമ്പർ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളതാകുന്നു. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന രേഖകൾ ആവശ്യക്കാർക്ക് നൽകാൻ ബ്യൂറോയും സർക്കാരും ബാദ്ധ്യസ്ഥരാണ്. നിയമവിരുദ്ധമായി അന്വേഷണ വിവരങ്ങൾ കൈമാറിയിട്ടില്ല. ആയതിനാൽ അന്വേഷണ വിവരങ്ങൾ ചോരുന്നു എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(സി) വിജിലൻസ് അന്വേഷണത്തിന്റെ ഒരു ഘട്ടത്തിലും സർക്കാരിൽ നിന്നും നിയമവിരുദ്ധമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

(ഡി) നിലവിലുള്ള സംവിധാനം തന്നെ സ്വതന്ത്രവും നീതിപൂർവ്വവുമായ അന്വേഷണങ്ങൾ നടത്താൻ പര്യാപ്തമാണ്.

(ഇ) ക്രിമിനൽ നടപടി ക്രമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്ന അന്വേഷണങ്ങൾ തള്ളിക്കളയാൻ സർക്കാരിനോ ബ്യൂറോയ്ക്കോ സാധിക്കുന്നതല്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്യുന്ന എല്ലാ കേസുകളും കോടതികളുടെ പരിശോധനയ്ക്ക് വിധേയമാണ്. കേസുകളിന്മേലുള്ള അന്തിമ തീരുമാനം ബഹുമാനപ്പെട്ട കോടതിയാണ് കൈക്കൊള്ളുന്നത്.

LIBRARY ARCHIVES Kerala Legislative Assembly